# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3346** | **22/08/2017-ന് മറുപടിക്ക്**

**പത്തനംതിട്ട ജില്ലയിൽ നടന്ന എൽ.ഡി.ക്ലാർക്ക് പരീക്ഷ**

**ചോദ്യം**

ശ്രീ.അടൂർ പ്രകാശ്

**ഉത്തരം**

പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | പത്തനംതിട്ട ജില്ലയിൽ പി.എസ്.സി. നടത്തിയ എൽ.ഡി. ക്ലാർക്ക് പരീക്ഷയിൽ കൂടുതൽ ചോദ്യങ്ങളും സിലബസിന് പുറത്ത് നിന്നായിരുന്നവെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)യും (ബി)യും (സി)യും (ഡി)യും (ഇ) യും | കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളെ സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് പരാതികൾ ഉന്നയിക്കവാനുള്ള സംവിധാനം പി.എസ്.സി തന്നെ ഒരുക്കിയിട്ടുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന പരാതികൾ ഒരു വിദഗ്ധ സമിതി പരിശോധിച്ച ശേഷം കമ്മീഷൻ ഉചിതമായ തീരുമാനം കൈക്കൊള്ളുകയും ചെയ്യും.ഏതാനും ചിലർ പരാതി ഉന്നയിക്കുന്നു എന്ന കാരണത്താൽ പരീക്ഷ റദ്ദ് ചെയ്യണമെന്ന ആവശ്യം ന്യായീകരിക്കാവുന്നതല്ല. |
| (ബി) | ചോദ്യങ്ങളിൽ കൂടുതലും ഗുരുതരമായ തെറ്റുകളായിരുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ; | | |
| (സി) | ചോദ്യം തയ്യാറാക്കിയ ആളിന്റെ പേരിൽ നടപടി കൈക്കൊള്ളുമോ; | | |
| (ഡി) | പ്രസ്തുത പരീക്ഷ റദ്ദ് ചെയ്ത് പുതുതായി പരീക്ഷ നടത്തുന്നതിന് നിർദ്ദേശം നൽകുമോ; | | |
| (ഇ) | ഇത്തരത്തിൽ ഗുരുതരമായ തെറ്റുകൾ വരുത്തി ചോദ്യം തയ്യാറാക്കുന്നവരെ പുറത്താക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ? | | |

**സെക്ഷൻ ഓഫീസർ**